# എച്ച് . എസ്. എസ്.

# കുത്തന്നൂർ




# തൂലിക




## എച്ച് എസ് എസ്

## കുത്തന്നൂർ


HIGHER SECONDARY SCHOOL KUTHANUR
M.DAMODHARANNAIR MEMORIAL BLOCK FOUNDER MANAGER

# ദീപ്തമേ നയിച്ചാലും



# സമർപ്പണം

നന്മയുടെയുംകലാ കാർഷീക പാരമ്പര്യത്തിന്റെയും ഈറ്റില്ലമായ കുത്തനൂർ ഗ്രാമത്തെ വിദ്യാഭ്യാസ പരവും സാംസ്കാരികവുമായ ഉന്നതിയിലേക്ക് കൂടി നയിക്കുക എന്ന ലക്ഷ്യത്തോടെ ഈ സരസ്വതീ മണ്ഡപത്തിന് രൂപം നല്കി നയിച്ച മാനേജറും മുൻ ഹെഡ് മാസ്റ്ററുമായ സർവ്വ ശ്രീ ദാമോദരൻ നായരുടെ പുണ്യ പാവന സ്മരണയ്ക്ക് മുമ്പിൽ ഈ എളിയ സംരംഭം സമർപ്പിക്കുന്നു

# പത്രാധിപ സമതി



**Suma Kalathiyath**
**Staff editor**



**Bindu M S**
**Staff editor**


## STUDENT EDITORS



Saniya M



Sujith S




Samsitha Fathima



Amritha Krishnan K K



Aiswarya M



Rashitha P A



## MESSAGE

K. GOPAKUMAR

SCHOOL MANAGER

I am glad to know that little kites of our school is bringing out a Digital Magazine "SOPANAM" on 19 January 2019. I offer my gratitude to students and faculties behind this. My best wishes for the tremendous victory of the digital magazine.

Kuthanur

19-01-2019

Higher Secondary School Kuthanur

GOPAKUMAR. K.
MANAGER
HIGHER SECONDARY SCHOOL
KUTHANUR



# ആശംസ

കുത്തനൂർ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഐടിയിൽ നേടിയ അറിവിന്റെ സാക്ഷ്യപ്പെടുത്തലാണ് ഈ മാഗസിൻ കുട്ടികളുടെ രചനകൾ ചേർത്തു വെച്ച ഈ തൂലിക എന്ന പതിപ്പിന് സർവ്വ വിധ നന്മകളും ആശംസിക്കുന്നു.

-എച്ച് എം



# സന്ദേശം

ലിറ്റിൽ കൈറ്റ് രണ്ടാം ബാച്ച് അംഗങ്ങളുടെ പരിശ്രമഫലമാണ് ഈ തൂലിക. സ്കൂളിലെ രചനാ വാസനയുള്ള കുട്ടികളുടെ സൃഷ്ടികൾ ശേഖരിച്ചാണ് ഇതിൽ ചേർത്തിരിക്കുന്നത് കൈറ്റ് അംഗങ്ങളുടെ കമ്പ്യൂട്ടർ പരിജ്ഞാന മാണ് ഈ മാഗസീനിലൂടെ വെളിപ്പെടുന്നത്

-എസ് ഐ ടി സി

# ഉള്ളടകം

| Sl.No | Contents | Pg.No |
|---|---|---|
| 1 | അനാഥൻ | 10 |
| 2 | കുട്ടിക്കവിതകൾ | 10 |
| 3 | പൂവ് | 11 |
| 4 | പക്ഷികളുടെ കൂട്ടുകാരി | 11 |
| 5 | സംഭാഷണം | 12 |
| 6 | പ്രകൃതി | 14 |
| 7 | താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു | 16 |
| 8 | വാകമരവും തുളസിചെടിയും | 17 |
| 9 | ഭൂമി കവിത | 17 |
| 10 | അമ്മ | 19 |
| 11 | ചിത്രങ്ങൾ | 20 |
| 12 | ഫീൽഡ് ട്രിപ്പ് | 21 |
| 13 | വാർഷികോൽസവം ഒരു എത്തിനോട്ടം | 22 |

♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## അനാഥൻ

ദാഹിച്ച മോഹിച്ച നടക്കുന്ന അനാഥൻ
ദുഃഖങ്ങൾ കണ്ട് കരയുന്ന അനാഥൻ
രോഡിന്റെ വക്കിൽ കിടക്കുന്ന അനാഥന്
താരാട്ടു പാടാൻ അമ്മേമയില്ല അനാഥന്
താരാട്ടു പാടാൻ അമ്മയില്ല..

- Amritha Krishna K K (9-A)

## കുട്ടിക്കവിതകൾ

അപമാനിക്കപ്പെട്ടിട്ടുണ്ട്
ഒരുതവക്കതയല്ല പലതവണ
ദയനിയമായ് നിന്നെ നോക്കി നിന്ന
കണ്ണുകളിൽ വെറുപ്പോടെ മടുപ്പോടെ-
നോക്കിയപ്പോൾ അത്രയും ഇഷ്ടത്തോടെ
നിന്നിലേക്ക് കൈകൾ നീട്ടിയിട്ടും
തട്ടിമാറ്റപെടുമ്പോൾ .. അടുത്താന്നിരിക്കാൻ
കൊതിച്ച മനസ്സിനെ കാണാതെ-
പോകുമ്പാൾ......അങ്ങിനെയങ്ങനെ പലവട്ടം

- Athul S (6-C)

## പൂവ്

പുഞ്ചിരി പൂവേ.... പുഞ്ചിരി പൂവേ....

ചായോ ചായുറങ്ങ്.....

ചെമ്പരത്തി പൂവേ.....

മിന്നാമിന്നി പൂവേ....

പാട്ടും കേട്ടുറങ്ങ്...

തേനൂറും പൂമ്പാറ്റതൻ പാട്ടും കേട്ടുറങ്ങ്......

-Rincy N (9-A)

## പക്ഷികളുടെ കൂട്ടുകാരി

പൂഞ്ചോല എന്നൊരു ഗ്രാമത്തിൽ അമ്മു എന്നൊരു സുന്ദരിയായ കുട്ടി ജീവിച്ചിരുന്നു. അവൾക്ക് പക്ഷികളെ വളരെയധികം ഇഷ്ട്മായിരുന്നു. അവൾ അവരെ നന്നായി പരിചരിച്ചിരുന്നു. അവളെ പക്ഷികളും സ്നേഹിച്ചിരുന്നു.

-Amritha N(9-A)

# സംഭാഷണം

സന്തോഷ് എന്ന് പേരുള്ള കുട്ടിക്ക് കഠിനമായ വയറുവേദന വന്നിട്ട് ഡോക്ടറുടെ അടുത്ത് പോയി.ഡോക്ടറും സന്തോഷും തമ്മിലുള്ള സംഭാഷണം.

ഡോക്ടർ:എന്താ മോന്റെ പേര് ?

സന്തോഷ്:എന്റെ പേര് സന്തോഷ്.

ഡോക്ടർ:എന്താ മോന്റെ അസുഖം ?

സന്തോഷ്:ഡോക്ടർ എനിക്ക് കഠിനമായ വയ-റു വേദന ഉണ്ട്.

ഡോക്ടർ:ഓ.........ഞാൻ ഒന്ന് നോക്കട്ടെ.

[ഡോക്ടർ സന്തോഷിനെ പരിശോധിച്ച ശേഷം]

സന്തോഷ്:എന്താ ഡോക്ടർ എന്തെങ്കിലും പ്രശ്നം?

ഡോക്ടർ:അതു ഞാൻ പിന്നെ പറയാം.സന്തോഷ് ഭക്ഷണം കഴിച്ചോ ?സന്തോഷ്:കഴിച്ചു ഡോക്ടർ. വയറു നിറയെ കഴിച്ചു.ഞാൻ ഹോട്ടലിൽ നിന്ന് പിസ്സയും കൂടാതെ മസാലദോശയും കഴിച്ച

ു.എന്നിട്ട് വീട്ടിൽ പോകുന്ന വഴിയാണ് എനിക്ക് വയറുവേദന വന്നത്.

ഡോക്ടർ:ഓഹോ.......അപ്പോൾ അതാണ് പ്രശ്നം.നിന്റെ അമ്മ ഉണ്ടാക്കിയ ഭക്ഷണം നീ എന്താ കഴിക്കാത്തത് ?

സന്തോഷ്:ഹൊ,എന്തു പറയാനാ ഡോക്ടർ..അമ്മ ഉണ്ടാക്കിയ കഞ്ഞിയും പയറു കറിയും ദോശയ ും ഇഡ്ഡലിയും കഴിച്ച് കഴിച്ച് എനിക്ക് മതിയായി.

ഡോക്ടർ:തന്റെ അമ്മ ഉണ്ടാക്കിയ ഭക്ഷണത്തെക്കാൾ സ്വാദ് ഏത് ഹോട്ടലിനും ഏത് തട്ടുകടക്കും ഉണ്ടാവില്ല.ഇതുകൊണ്ട് നിന്റെ വയറു നിറയെ ബാക്ടീരിയയാ വന്നിരിക്ക ുന്നത്.അല്ലാതെ സാധാ വയറുവേദനയല്ല.

സന്തോഷ്:അയ്യോ,എന്താ ഡോക്ടർ ഇതിനൊരു മാർഗം ?എന്തെങ്കിലും മരുന്നുകൾ ഉണ്ടെങ്കിൽ തരാമോ ?

ഡോക്ടർ:മരുന്നുണ്ട്.പക്ഷെ എന്റെ കയ്യിൽ അല്ല.

നിന്റെഅമ്മയുടെ കയ്യിലാണ്.മനസ്സിലായില്ലെങ്കിൽ കേട്ടോ.ഇനി മുതൽ നീ ഹോട്ടലിൽ നിന്നുമുള്ള ഭക്ഷണം കഴിക്കരുത്.നിന്റെ അമ്മ ഉണ്ടാക്കുന്ന ഭക്ഷണം മാത്രം കഴിക്കുക.മനസ്സിലായോ ?

സന്തോഷ്: ഉം... മനസ്സിലായി ഡോക്ടർ. പക്ഷെ ഹോട്ടലിൽ നല്ല തിരക്കായിരുന്നല്ലോ,അപ്പോൾ അവർക്കും അസുഖം വരുമൊ ?

ഡോക്ടർ :അതിന് എല്ലാവരും നിന്നെപ്പോലെ ആവണമെന്ന് എന്താ ഇത്ര ഉറപ്പ് ?
ചിലർ അവരുടെ ഗതികേടുകോണ്ടായിരിക്കാം ഹോട്ടലിൽ നിന്ന് കഴിക്കുന്നത്.

സന്തോഷ് :ശരി ഡോക്ടർ ഞാൻ ഇനിമുതൽ അമ്മ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കാം.

-Prabina P (5-A)

## പ്രകൃതി

വനജീവജാലകമനോഹാരി-

തകവിസ്മരണീയം....

വിസ്മരണീയം....

എങ്ങോ  എങ്ങനേയോ

പടരുന്നു.........

പച്ച നിറഞ്ഞ ഭൂമി....

പച്ച നിറഞ്ഞ ഭൂമി....

വനജീവിജാലകമനോഹാരി-

തകവിസ്മമരണീയം....

വിസ്മരണീയം.......

പച്ച മലയാള നാടിന്റെ

പ്രകൃതി മനോഹാരിത......

ഇനിയും പടരൂ........

ഇനിയും പടരൂ.........

നമുക്കും ഇതിൽ  പങ്കുചേരാം.......

നമുക്കും പച്ചപടരാൻ

സഹായിക്കാം.....

ഓർക്കുവിൻ നമ്മുടെ ജീവൻ പ്രകൃതിയുടെ നടു

വിൽ...

-Adhithya D(9-A)

# താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു

ഒരു ദിവസം ഒന്നും കഴിക്കാൻ കിട്ടാതെ അവശനായി നിൽക്കുകയായിരുന്നു സിംഹം. അപ്പോഴാണ് സിംഹ ത്തിന് പെട്ടെന്ന് ഒരു ബുദ്ധി തോന്നിയത്. ആരെയെങ്കിലും സുഹൃത്താക്കി അതിനെ തിന്ന് ഇന്നത്തെ ദിവസം എങ്ങനെയെങ്കിലും കഴിച്ചുകൂട്ടാമെന്ന്. അങ്ങനെ സിംഹം ആരെയെങ്കിലും കൺമുന്നിൽ കാണിച്ചു തരണെ എന്ന് വിചാരിച്ചു നടക്കുമ്പോഴാണ് കാണുന്നത്. ഒരു അവസ്മരണീയ കാഴ്ച സിംഹത്തിന് ആ കാഴ്ച കണ്ടപ്പോളുണ്ടായ സന്തോഷം വളരെ അധികമായിരുന്നു. തന്റെകൺമ ുന്നിൽ കണ്ടത് ഒരു മുയലിനെയായിരുന്നു. വെളു ത്തുതുടുത്ത സുന്ദരിയായ ഒരു പെൺമുയലിനെ അതുകൂടാതെ കൂടുതലും സന്തോഷമായത് പെൺമുയലിന്റെ അടുത്ത് ഒരാൺമുയലും ഉണ്ടായിരുന്നു. സിംഹം അവരുടെ അടുത്തേക്ക് ചെന്നു എന്നിട്ട് ചോദിച്ചു.

-Sanjay K(9-A)

## വാകമരവും തുളസിചെടിയും

പണ്ട് പണ്ട് ഒരു അമ്പലത്തിനു കുറച്ചു മുമ്പിലായി ഒരു വാകമരവും തുളസിചെടി-യും ഉണ്ടായിരുന്നു.അമ്പലത്തിലേക്ക് പോകുന്ന എല്ലാവരും തുളസിചെടിയിൽ നിന്ന് തുളസി വലിച്ച് തലയിൽ വക്കു-മായിരുന്നു.എന്നാൽ വാകമരം എല്ലാവർക്കും തണൽ വൽകിയിരു ന്നു.അതിൽ ആ മരം അഹങ്കരിച്ചിരുന്നു.ഒരു ദിവസം വാകമരം തുളസിയോട് പറഞ്ഞു."നിന്റെ കാര്യം വളരെ കഷ്ടത്തിലാണ്. എല്ലാവരും നിന്റെ ഇല നുള്ളി നുള്ളി കളയു-കയല്ലാതെ വേറെ ഒരു പ്രയോജനവുമില്ല. നിന്റെ ജീവിതം കഷ്ടം തന്നെ.

-Ankitha T(9-A)

## ഭൂമി കവിത

രാവും പകലും മാറി വരുന്നു

ഭൂമി കറങ്ങുന്നു-

ഭൂമിയിൽ നിറയെ വെള്ളം നിൽപ്പൂ-

കരകൾ മാത്രം കുറവാണോ-

ശോഭിതഭൂമി,സങ്കടഭൂമി

ചെടികൾ നിറഞ്ഞൊരു സുന്ദര ഭൂമി

ഭൂമിക്കുള്ളൽ ഒളിച്ചൊരിക്കും രാജ്യങ്ങൾ

അതിനുള്ളിൽ ഇന്ത്യ എന്നൊരു രാജ്യം.

ജീവൻ വളർത്തും ആളുകൾ ഇവിടെ

ഭംഗി വളർത്തും ചെടികൾ ഇവിടെ

സുന്ദരം,സുന്ദരം,അതിമനോഹരം

ഭൂമി എന്ന ഗ്രഹവും,

ഇന്ത്യ എന്ന രാജ്യവും,

ഇന്ത്യക്കുള്ളിലെ സംസ്ഥാനം

കേരളം എന്നൊരു സംസ്ഥാനം

കേരവൃക്ഷം നിറയെ ഉള്ളൊരു സംസ്ഥാനം

ഇവിടെ ജനിക്കാൻ കഴിഞ്ഞതിൽ

നന്ദി,നന്ദി,ദൈവമേ..........................

-Sanjana K(8-D)

# അമ്മ

സ്നേഹത്തിൻ നുറുങ്ങുകൾ മനസ്സിലൊളിപ്പിച്ചു
വക്കും  അമ്മ
തൻ മക്കൾക്ക് മുറുവേറ്റാൽ
അവരുടെ മനസ്സ് നീറി പുകയും
അളവില്ലാ സ്നേഹം പകർന്നു നൽ-
കുന്നു അമ്മ....
സ്നേഹത്തിൻ  പ്രതീകമാകും അമ്മ..
സ്നേഹക്കടലാകുന്നു അമ്മ.....
വീടിന്റെ  ഐശ്വര്യം അമ്മ..
സ്നേഹത്തിന്റെ  ദീപമായി അമ്മ....

-Aiswarya M(9-A)

# ചിത്രങ്ങൾ







# ഫീൽഡ് ട്രിപ്പ്






# വാർഷികോൽസവം ഒരു എത്തിനോട്ടം

(17-01-2020)


ഉൽഘാടന വേദി







SHOT ON REDMI 7
AI DUAL CAMERA









✤✤✤✤✤✤✤ ശുഭം ✤✤✤✤✤✤✤